## ജുമുഅഃയും പെരുന്നാളും ഒന്നിച്ചുവന്നാൽ

ജുമുഅഃയും പെരുന്നാളും ഒരേ ദിവസമായാൽ പെരുന്നാൾ നമസ്കാരം നിർവഹിച്ചവർ പിന്നെ ജുമുഅഃ നമസ്കരിക്കുന്നത് നിർബന്ധമില്ല. നബി(സ) പെരുന്നാൾ നമസ്കരിച്ചശേഷം, "ഉദ്ദേശിക്കുന്നവർ നമസ്കരിച്ചുകൊള്ളട്ടെ." എന്നു പറഞ്ഞുകൊണ്ട് ജുമുഅഃയെ സംബന്ധിച്ചു ഇളവുകൊടുത്തതായി സൈദുബ്നു അർഖം(റ) നിവേദനം ചെയ്യുന്നു. (رواه الخمسة وصححه ابن خزيمة والحاكم)

"ഈ ദിവസം രണ്ടുപെരുന്നാൾ ഒരുമിച്ചുവന്നിരിക്കുന്നു. അതിനാൽ ആരെങ്കിലും ഉദ്ദേശിക്കുന്നുവെങ്കിൽ, അയാൾക്ക് ജുമുഅഃക്കു പകരം ഇത് മതിയാകുന്നതാണ്. എന്നാൽ ഞങ്ങൾ ജുമുഅഃ നടത്തുകയും ചെയ്യും" എന്നും നബി(സ) പ്രസ്താവിച്ചതായി അബൂഹുറയ്റ(റ)നിവേദനം ചെയ്യുന്നു.

(അബൂദാവൂദ്, ഇബ്നുമാജ)

എന്നാൽ, "ഞങ്ങൾ നടത്തുകയും ചെയ്യും." എന്നു നബി(സ) പറഞ്ഞുകൊണ്ട്, ജുമുഅഃക്ക് വരാനുദ്ദേശിക്കുന്നവർക്കും പെരുന്നാൾ നമസ്കാരത്തിന് വന്നിട്ടില്ലാത്തവർക്കും വേണ്ടി ഇമാം ജുമുഅഃ നടത്തുന്നത് സുന്നത്താകുന്നു.

ഹമ്പലീ മദ്ഹബുകാരുടെ അഭിപ്രായപ്രകാരം, പെരുന്നാൾ നമസ്കാരത്തിൽ പങ്കെടുത്തത് കാരണം ജുമുഅഃക്ക് പോകാതിരിക്കുന്നവർ ളുഹ്ർ നമസ്കരിക്കേണ്ടത് നിർബന്ധമാണ്. പക്ഷേ, അത് നിർബന്ധമല്ലെന്ന് വ്യക്തമാവുന്നത്. കാരണം, ഇബ്നു സുബൈറിന്റെ ഭരണകാലത്ത് ചെറിയ പെരുന്നാളും ജുമുഅഃയും ഒരുമിച്ചുവന്നപ്പോൾ അദ്ദേഹം രണ്ടു പെരുന്നാളുകൾ ഒരുമിച്ചുകൂടിയിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് അവ രണ്ടും ഒന്നാക്കി രാവിലെ രണ്ട് റക്അത്ത് നമസ്കരിച്ചതായും പിന്നെ അസ്ർ നമസ്കരിക്കുന്നതുവരെ മറ്റൊന്നും നമസ്കരിക്കാതിരുന്നതായും അബൂദാവൂദ് ഉദ്ധരിക്കുന്നു.